പാൽ സംഭരണവും ഗുണനിലവാര പരിശോധനയും

74 (1473) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിൽനിന്നും കേരളത്തിൽ എത്തിച്ച് വിറ്റഴിക്കുന്ന പാൽ ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;

(ബി) എല്ലാ ഗ്രാമീണ മേഖലകളിലും എത്തി പാൽ ശേഖരിക്കാൻ മിൽമയ്ക്ക് കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടുകൂടി പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ ജില്ലയിൽ ലഭിക്കുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തുകയും റിപ്പോർട്ട് തുടർനടപടികൾക്കായി ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകിവരികയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന എല്ലാ പാലുൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അനലറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയും നിശ്ചിത ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതോ ആയ സാമ്പിളുകളിന്മേൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) മിൽമയുടെ തിരുവനന്തപുരം, എറണാകുളം, മലബാർ മേഖലാ യൂണിയനുകൾ യൂണിയന്റെ പരിധിയിലുള്ളതും മിൽമയ്ക്ക് പാൽ നൽകാൻ താൽപ്പര്യമുള്ളതുമായ എല്ലാ ക്ഷീര സംഘങ്ങളിൽനിന്നും പാൽ സംഭരിക്കുന്നുണ്ട്.

വ്യാജ പാൽ വിപണനം തടയുവാനും കൂടുതലായി പാൽ ശേഖരിക്കാനും നടപടികൾ

75 (1474) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിർത്തി ഗ്രാമങ്ങളിലെ മലയോരപ്രദേശങ്ങളിൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യാജ കവർപാൽ വിറ്റഴിക്കുന്നത് തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly